# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## കരുളായി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം. 5/2510/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 18/12/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുളായി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കരുളായി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുളായി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത്

രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം. 5/2510/2024

തീയ്യതി: 18/12/2024

# മലപ്പുറം ജില്ലയിലെ കരുളായി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കരുളായി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-12-2023 മുതൽ 20-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ചിത്രലേഖ.കെ.കെ, കെ.എ.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 21-11-2024 | 29-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-11-2024 | 29-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ശ്രീ. അബ്ദുൽ സത്താർ സി.പി.(ഓഡിറ്റ് ഓഫീസർ ഹയർ ഗ്രേഡ്)
2. ശ്രീമതി. ജിഷ കെ. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
3. ശ്രീ. അമീൻ ഫൈസൽ ടി.ടി. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
4. ശ്രീമതി. ഷീബ പി. (ഓഡിറ്റർ)

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ജയശ്രീ അഞ്ചേരിയൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി. ലീനാ ബീഗം.എ | സെക്രട്ടറി | 01-04-2023 | 05-07-2023 |
| ശ്രീമതി. റെനി സൈമൺ | സെക്രട്ടറി | 06-07-2023 | 19-07-2023 |
| ശ്രീമതി. അസീന ചെറുപള്ളിക്കൽ | സെക്രട്ടറി | 20-07-2023 | 31-03-2024 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | ത (( |
|---|---|---|---|
| ശ്രീമതി. ബിജി.എം.രാജ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 1 |

| | | | |
|---|---|---|---|
| ശ്രീ. സഹറുദ്ദീൻ. എ. | അസിസ്റ്റന്റ് സെക്രട്ടറി | 11-07-2023 | 3 |
| ഡോ.അനുപമ കെ.വി. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) | 01-04-2023 | 3 |
| ഡോ.ചാച്ചി. പി.എ. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) | 01-07-2023 | 3 |
| ഡോ.സ്വാതി.എസ്.മാധവൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2023 | 2 |
| ഡോ.അബദുൽനാസർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 28-11-2023 | 3 |
| ഡോ. കബീർ എ. എം. | മെഡിക്കൽ ഓഫീസർ (ട്രൈബൽ ആയുർവ്വേദം) | 01-04-2023 | 3 |
| ഡോ.ഐശ്വര്യ ജെ . | വെറ്ററിനറി സർജൻ | 01-04-2023 | 3 |
| ശ്രീമതി. സുധീഷ്ണ ഇ. | കൃഷി ഓഫീസർ | 01-04-2023 | 3 |
| ശ്രീമതി. ഗോപിക കെ. വി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 2 |
| ശ്രീ. മനോജ് കെ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 21-10-2023 | 1 |
| ഒഴിവ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 16-02-2024 | 1 |
| ശ്രീ. നൗഷാദ്.പി.എം. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 17-02-2024 | 3 |

| | | | |
|---|---|---|---|
| ശ്രീമതി. സുജാത മനിയിൽ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 1 |
| ശ്രീമതി. വിലാസിനി എൻ.എ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11-08-2023 | 2 |
| ശ്രീമതി. മൈമൂന.കെ.ടി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 26-10-2023 | 3 |
| ശ്രീ. അക്ഷയ് സുരേഷ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 3 |
| ശ്രീമതി. രാധാമണി സി.പി. | ഹെഡ്മിസ്ട്രസ്സ് | 01-04-2023 | 3 |
| ശ്രീമതി. നസീമ കെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 3 |
| ശ്രീ. അബ്ദുൽ കാസിം പി. | ഫിഷറീസ് ഇൻസ്ട്രക്ടർ | 01-04-2023 | 3 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം | 1-1-2 |
| 4 | വാർഷിക കണക്കും രജിസ്റ്ററിലെ വിവരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | രജിസ്റ്റർ ഓഡിറ്റിന് കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിച്ചിട്ടില്ല. | 1-1-4 |
| 6 | തൊഴിലുറപ്പ് പദ്ധതി-പൊതു ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി-ചെലവ് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-6 |
| 8 | ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം. | 1-3 |
| 11 | ഫണ്ട് വിനിയോഗം. | 1-4 |
| 12 | പദ്ധതി അവലോകനം. | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ. | 1-7 |
| 15 | ക്യാഷ് വെരിഫിക്കേഷൻ. | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| 18 | "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ" : അവലോകനം | 1-11 |
| 19 | രസീത്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-12 |

| | | |
|---|---|---|
| 20 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. | 1-13 |
| 21 | കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി - നിർവ്വഹണത്തിലെ അപാകതകൾ. | 1-14 |
| 22 | പഠനമുറി - പൂർത്തീകരിച്ചില്ല | 1-15 |
| 23 | വീട് വാസയോഗ്യമാക്കൽ - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് | 1-16 |
| 24 | അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-17 |
| 25 | തദ്ദേശ സ്ഥാപനത്തിലെ വാഹന പരിപാലനം - അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല | 1-18 |
| 26 | മഴക്കാല പൂർവ്വശുചീകരണം- തുക പൂർണ്ണമായി ചെലവഴിച്ചില്ല | 1-19 |
| 27 | മെഡിക്കൽ ഓഫീസർ FHC-പദ്ധതി നിർവഹണം- വിവിധ അപാകതകൾ | 1-20 |
| 28 | കൃഷി ഓഫീസർ- വാങ്ങൽ നടപടിക്രമം പാലിച്ചില്ല. | 1-21 |
| 29 | എസ്.എസ്.കെ. വിഹിതം അടവാക്കൽ - രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. | 1-22 |
| 30 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ; ഗുരുതരമായ കൃത്യവിലോപം. | 1-23 |
| 31 | സർക്കാർ ഗ്രാന്റുകളുടെ വിനിയോഗം കാര്യക്ഷമമല്ല | 1-24 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ; ഗുരുതരമായ കൃത്യവിലോപം. | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്ക് ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ -ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1)കരുളായി ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേ സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രക ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രിക അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 01.07.2024 തീയതിയിലെ തീരുമാനം പ്രകാരം അംഗീകരിച്ച് 3.7.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അ 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേ ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടു മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസര വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാ ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തു പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥ പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്ത അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്ക

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാന അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിര കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കരുളായി ഗ്രാമപഞ്ചായ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പ വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസ ന്യായവുമായ ചിത്രം നൽകുന്നു.**

ഡെപ്യൂട്ടി ഡ
ജില്ലാ ഓഡിറ്റ് കാര്യ

സ്ഥലം : മലപ്പുറം
തീയതി: 18-12-2024

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ' Net Increase In Cash And Cash Equivalence ' ആയി രേഖപ്പെ തുകയും ( ₹20546613 ) ഇതേ പത്രികയിൽ 'Net Cash Generated By Operating + Invest Financing Activity ' (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (₹48355015) തുല്യമല്ല. ആയര പത്രിക പ്രകാരം സാമ്പത്തിക വർഷത്തിലെ ആകെ കാഷ് ഫ്ലോയും, പത്രികയിലെ മുന നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്ത തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 വാർഷിക കണക്കും രജിസ്റ്ററിലെ വിവരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പ്രകാരം Festival Advance ഇനത്തിൽ 1000 രൂപ ക്രമീകരിക്കാനവശേഷിക്കു എന്നാൽ രജിസ്റ്ററിൽ മുഴുവൻ തുകയും ക്രമീകരിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയര വാർഷിക കണക്കും രജിസ്റ്ററിലെ വിവരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-4 രജിസ്റ്റർ ഓഡിറ്റിന് കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിച്ചിട്ടി

ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് ഷെഡ്യൂൾ B-11 പ്ര രേഖപ്പെടുത്തിയ ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് വരുത്താനായില്ല.

## 1-1-5 തൊഴിലുറപ്പ് പദ്ധതി-പൊതു ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർമിച്ച പൊതു ആസ്തികളുടെ (Material Work) C Contribution ഇനത്തിലുള്ള തുക പ്രത്യേകം ഹെഡിൽ വാർഷിക കണക്കിൽ ബാലൻസ് ഷീറ്റ് ഷെ B-3 യിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-6 തൊഴിലുറപ്പ് പദ്ധതി-ചെലവ് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന് തുക I-14(C) Decentralised Programme - Projects Not Included In Sector Division ഷെഡ്യൂളിൽ ബുക്ക് ചെയ്യുന്നതിന് പ 14(A) Decentralised Plan Programme - Service Sector ഷെഡ്യൂളിൽ ഹെഡ്കോഡ്- 25124( Projects As Per Govt Order-Distribution Of Wages Under The SchemeMgnregs (For Mission Director) (G.O. (Rt)No.888/2014Lsgd.Dt.26.03.2014) ആണ് ബുക്ക് ചെയ്തിട്ടുള്ളത്.

## 1-1-7 ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

വാർഷിക കണക്കിലെ ഷെഡ്യൂൾ B-18 പ്രകാരം Advance To Implementing Agencies - Deposi Kerala Electricity Board, Advance To Other Authorised Agencies എന്നീ ഇന രേഖപ്പെടുത്തിയ തുകകൾ (യഥാക്രമം 133355, 4600 രൂപ) ഏതെല്ലാം പ്രൊജക്ടുകൾ പ്രകാരം ചെ തുകയാണെന്നും പ്രസ്തുത പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോയെന്നും രേ അറിയിക്കേണ്ടതാണ്.

## 1-2 ബജറ്റ്

| 2023-24 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത്) തീരുമാന നമ്പർ./തിയ്യതി |
|---|---|
| 1(1) / 21.03.2023 | 2(1) /30.01.2024 |

## 1-3 സാമ്പത്തിക വിശകലനം.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 34034239 |
| വരവ് | 257445035 |
| ആകെ | 291479274 |
| ചെലവ് | 236898422 |
| നീക്കിയിരിപ്പ് | 54580852 |

കുറിപ്പ്:-വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിലെ തുകകളോടൊപ്പം ഈ പത്രി ഉൾപ്പെട്ടിട്ടില്ലാത്ത വിവിധ ഗ്രാന്റ് ഇനങ്ങളുടെ ട്രഷറി മുഖേനയുള്ള തുകകൾ, പെൻഷൻ ഇനങ്ങ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS എന്നിവ കൂടി ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്

## 1-4 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 34794382 | 34794382 | 26137498 | 8656884 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6416990 | 6416990 | 4208466 | 2208524 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 4887545 | 4887545 | 3166425 | 1721120 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8606650 | 8606650 | 2424143 | 6182507 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4738598 | 4738598 | 2289498 | 2449100 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 4689000 | 4689000 | 2018023 | 2670977 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 6252000 | 6252000 | 4587767 | 1664233 |

## 1-5 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 238 | 264791011 | 157 | 144304520 | 81 | 65.96 |

കുറിപ്പ്- ചെലവ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7129 | 1512687 | 1519816 | 1519816 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 36731301 | 36731301 | 36731301 | 0 |

കുറിപ്പ്-തൊഴിലുറപ്പ് പദ്ധതിയുടെ ചെലവുകൾ വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻ ഷെഡ്യൂളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമപദ്ധതികൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷ തൊഴിലാളി വേതനം | 2228200 | 1436 |
| വിധവാപെൻഷൻ | 11249100 | 8355 |
| വാർദ്ധക്യകാല പെൻഷൻ | 16097400 | 11839 |
| വികലാംഗ പെൻഷൻ | 3842400 | 2503 |
| വിവാഹ ധനസഹായം | 0 | 0 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 728800 | 468 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6 (4) പ്രകാരമുള്ള ക്യാഷ് ബാ പരിശോധന 23.11.2024ന് 12.05pmന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 1516/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി), മെഡിക്കൽ ഓ (ഹോമിയോ), മെഡിക്കൽ ഓഫീസർ (ആയുർവേദം), കൃഷി ഓഫീസർ, വില്ലേജ് എക്സ്റ്റൻഷൻ ഓ ഹെഡ് മാസ്റ്റർ, ഐ സി ഡി എസ് സൂപ്പർവൈസർ, വെറ്ററിനറി സർജൻ എന്നീ നിർ ഉദ്യോഗസ്ഥരൊന്നും പ്രോജക്ട് രജിസ്റ്റർ പരിപാലിക്കുന്നില്ല. ഗ്രാമ ലക്ഷ്മി മുദ്രാലയം പ്രിന്റ് ചെയ്യുന്ന രജിസ്റ്റർ എല്ലാ നിർവഹണ ഉദ്യോഗസ്ഥരും തയ്യാറാക്കുന്നു എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
2. ട്രഷറിയിൽ നിന്നും തുക മാറുന്ന എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ഇ- ബിൽ ബുക്ക് ഫ സൂക്ഷിക്കേണ്ടതാണ്. മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി), മെഡിക്കൽ ഓഫീസർ (ഹോമ

മെഡിക്കൽ ഓഫീസർ (ആയുർവേദം) തുടങ്ങിയ ചില നിർവഹണ ഉദ്യോഗസ്ഥർ ആയത് സൂക്ഷിച്ചിരു
3. ഗ്രാമ പഞ്ചായത്തിന്റെ നിർവഹണ ഉദ്യോഗസ്ഥരായ മെഡിക്കൽ ഓഫീസർ (ഹോമിയോ), മെ ഓഫീസർ (ആയുർവേദം) എന്നിവർ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആയതിന് വേഗം സ്വന്തം കെട്ടിടം ഉണ്ടാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08/12/2022 | 01/11/2022 To 30/11/2022 | 08/12/2022 |
| എ.ജി ഓഡിറ്റ് | 24/07/2023-11/08/2023 | 2018-19 To 20222-23 | 13/10/2023 |

## 1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ സേനയിലൂടെ" : അവലോകനം

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചലനാത്മകത പ കൊണ്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ശുചിത്വ മാലിന്യ സംസ സുസ്ഥിര കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നിവ ഉൾക്കൊള്ളുന്ന ഹരിത കേരള മിഷൻ, നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും മുഖ മുദ്രയാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ, ശുചിത്വമിഷൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവ സംയോജിച്ച് തദ്ദേശസ്വയ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെ നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേ തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. മാലിന്യ സംസ്കരണ രംഗത്ത് കേരളത്തിന്റെ വ്യ പതിപ്പിക്കുന്ന ഹരിത കർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ ( നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാ മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തന ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗ ഉത്തരവായിട്ടുണ്ട്.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/2024 കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് "കേരളത്തിലെ മാലിന്യ സംസ്കരണം കർമ്മ സേനയിലൂടെ" എന്ന വിഷയാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തിയും, ഗ്രാമപഞ്ച ലഭ്യമാക്കിയ രേഖകൾ, രജിസ്റ്ററുകൾ, ഓഡിറ്റ് എൻക്വയറി(01/23.11.2024)ക്കുള്ള മറുപടി പ പരിശോധിച്ചുമാണ് ഈ അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

1) അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1)പഞ്ചായത്തിലെ ആകെ ജനസംഖ്യ | 25758 |
| 2)ആകെ വാർഡുകളുടെ എണ്ണം | 15 |
| | |

| വാർഡ് നമ്പർ | 3)ഓരോ വാർഡിലേയും ആൾ താമസമുള്ള വീടുകളുടെ എണ്ണം | 4)ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 1 | 410 | 17 |
| 2 | 407 | 57 |
| 3 | 408 | 52 |
| 4 | 420 | 10 |
| 5 | 409 | 16 |
| 6 | 215 | 3 |
| 7 | 414 | 12 |
| 8 | 427 | 10 |
| 9 | 401 | 7 |
| 10 | 447 | 90 |
| 11 | 334 | 69 |
| 12 | 350 | 11 |
| 13 | 418 | 8 |
| 14 | 410 | 20 |
| 15 | 431 | 18 |
| ആകെ | 5901 | 400 |
| 5) ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം | | 20 |
| 6)വാർഡിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ | | ഉണ്ട് |

2) മാലിന്യ ശേഖരണ കാര്യക്ഷമത.

നിലവിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു MCF മാത്രമാണ് പഞ്ചായത്തിൽ ഉള്ളത്. ആ ഒരിക്കൽ കടകളിൽ നിന്നും മാസത്തിൽ ഒരിക്കൽ വീടുകളിൽ നിന്നും മാലിന്യ ശേഖരണത്തിന് ക തയ്യാറാക്കിയിട്ടുണ്ട്. ആയത് പ്രകാരം യഥാസമയം മാലിന്യം ശേഖരിക്കുന്നുണ്ട്. ഹരിത സേനാംഗങ്ങളുടെ ഫീൽഡ് വേരിഫിക്കേഷൻ വഴി ഗ്രാമ പഞ്ചായത്തിലെ എല്ലാ ഭവനങ്ങ സ്ഥാപനങ്ങളെയും മാലിന്യ ശേഖരണത്തിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഹരിതമിത്രം സംവിധാനം പ്രാവർത്തികമാക്കി വരുന്നുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് തൊഴിൽ കാർ വിതരണം ചെയ്തിട്ടുണ്ട്. മാലിന്യ ശേഖരണത്തിനായി വീടുകൾക്കും സ്ഥാപനങ്ങൾക്കും നാളിതു വരെ ചാക്കുകൾ വിതരണം ചെയ്യുകയോ ആയതിനായി പദ്ധതി രൂപീകരിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും മാലിന്യ ശേഖരണത്തിൽ ഉൾപ്പെടു സാധിച്ചിട്ടുണ്ട്. വാടകക്കെടുത്ത വാഹനത്തിലാണ് വാർഡുകളിൽ നിന്നും ഹരിത കർമ്മസേനാം ശേഖരിച്ച അജൈവ മാലിന്യം MCF ൽ എത്തിക്കുന്നത്. വീടുകളിൽ നിന്നും 50 രൂപ നിരക്കിലും കട നിന്നും 100 രൂപ നിരക്കിലും യൂസർ ഫീ ഊടാക്കുന്നുണ്ട്. ആയതിന് രശീതി നൽകുകയും , ബുക്കുകൾക്ക് കലക്ഷൻ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. രശീതി ബുക്കുകൾ വി ചെയ്യുന്നത് സ്റ്റോക്ക് രജിസ്റ്ററിൽ തിയ്യതി വെച്ച് രേഖപ്പെടുത്തുകയും ആയതിന് കൈപ്പറ്റ് വാ ചെയ്യുന്നുണ്ടായിരുന്നു. നിലവിൽ യൂസർ ഫീ കളക്ഷനുകൾക്ക് രശീതി നൽകുന്നില്ല. കാ രേഖപ്പെടുത്തുകയും ഹരിതമിത്രം ആപ്പിൽ വിവരം ചേർക്കുകയുമാണ് ചെയ്യുന്നത്.

3)മാലിന്യ വേർതിരിവ് പാലിക്കൽ

ശേഖരിച്ച മാലിന്യങ്ങൾ എം.സി.എഫിലേക്ക് എത്തിച്ച ശേഷമാണ് സെഗ്രിഗേഷൻ നടത്തു ഉറവിടത്തിൽ തന്നെ സെഗ്രിഗേഷൻ നടത്തി ഇനം തിരിച്ച് മാലിന്യം ഹരിത കർമ്മ കൈമാറുന്നതിനു വേണ്ടി പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടെങ്കിലും പൂർ പാലിക്കപ്പെടുന്നില്ല. ശുദ്ധി സൊല്യൂഷൻസ് എന്ന ഏജൻസിക്കാണ് റിജക്ട്ഡ് വേസ്റ്റ് കൈമാറി വരുന

4) റീസൈക്ലിംഗ്.

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. റീസൈ പ്രോസസ് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്നില്ല.

5) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി വാർഡ് തലങ്ങളിൽ മുഖേന ബോധവൽക്കരണം നടത്തുകയും ഗ്രാമ സഭകളിലൂടെ സന്ദേശം നൽകയും ഹരിത അയൽക്കൂ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട് .സ്കൂൾ തലത്തിൽ NSS വളണ്ടിയർമാരെ വെച്ചു വീട് തോറും പ്രവർത്ത നടത്തുകയും ക്ലബ് അംഗങ്ങൾ ,ആശാവർക്കർ എന്നിവരെ വിളിച്ചു യോഗം ചേരുകയും ചെയ്തിട്ടുണ്ട്.

6)തൊഴിൽ സൃഷ്ടിക്കൽ

10000 രൂപക്കു മുകളിൽ പ്രതിമാസം വേതനമിനത്തിൽ ഓരോ ഹരിതകർമ്മസേനാംഗങ്ങ ലഭ്യമാകുന്നുണ്ട്.

ഹരിത കർമ്മസേനാംഗങ്ങൾക്കും വാഹന ഡ്രൈവർക്കും പ്രത്യക്ഷമായും, റിജക്ടഡ് വേസ്റ്റ് പരിപാല ഏജൻസിയിലെ ജീവനക്കാർക്ക് പരോക്ഷമായും തൊഴിൽ നല്കുന്നതിന് സാധിക്കുന്നു.

7) അടിസ്ഥാന സൗകര്യ വികസനം

പഞ്ചായത്തിൽ നിലവിൽ സ്വന്തം കെട്ടിടത്തിലാണ് MCF പ്രവർത്തിച്ചു വരുന്നത്. മാലിന്യം ചെയ്യുന്നതിന് വാടകക്കെടുത്ത വാഹനമാണ് ഉപയോഗിക്കുന്നത്. ഹരിത കർമ്മ സേനാംഗങ്ങ ആവശ്യമായ ഓഫീസ് സൗകര്യം നിലവിലുണ്ട്.

8) പാരിസ്ഥിതിക ആഘാതം

പ്ലാസ്റ്റിക് മാലിന്യം കത്തിക്കുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിക്കുകയും, ആയതിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

9) പരിശീലനവും വികസനവും

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

10)നിയമങ്ങൾ പാലിക്കൽ.

മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജന ബോധവല്കരിക്കുന്നതിന് പ്രചാരണം നടത്തിയിട്ടുണ്ട്. 31/10.2022ലെ 3/1 നമ്പർ തീരുമാന മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ബൈലോ രൂപീകരിച്ചിട്ടുണ്ട്.

11) ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലേക്ക് നിലവിൽ 20 ഹരിത കർമ്മസേന അംഗങ്ങളാണുള്ളത്. കർമ്മസേനയുടെ വരവു ചെലവു കണക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വർഷാന്ത്യത്തിൽ ഇനം സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല. മൊത്തം വരുമാനത്തിൽ നിന്നും ജോലിക്ക് ഹാജരായ ദിവസങ്ങള് ഓരോ അംഗത്തിനും തുല്യമായി വേതനം നൽകുന്ന രീതിയാണ് അവലംബിച്ചു വരുന്നത്. പിരി തുകക്ക് കലക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)

1)അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1) MCF(സ്ഥിരം /താത്കാലികം) എണ്ണം | 1 സ്വന്തം |
| 2)ബെയ്‌ലിംഗ് യൂണിറ്റുകൾ ഉണ്ടോ ? | ഉണ്ട് |
| 3)അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | 1 |
| 4)അവ പ്രയോജനപ്പെടുത്തുന്നുണ്ടോ ? | ഉണ്ട് |
| 5)അവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ?<br>(ടിപ്പിങ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ, ശുചിമുറി തുടങ്ങിയവ) | ഉണ്ട് |
| 6)അവയിലേക്ക് റോഡ് ഗതാഗത സൗകര്യം ലഭ്യമാണോ ? | ഉണ്ട് |
| 7)അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോ? | ഇല്ല |

2)മാലിന്യ കൈമാറ്റ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും ഷെഡ്യൂൾ ചെയ്ത പ്രകാരം മ ശേഖരണം നടത്തുകയും ചെയ്യുന്നുണ്ട്. ഹരിത കർമ്മ സേനാംഗങ്ങളും, ജനപ്രതിനിധികളും, ഉദ്യോഗസ കുടുംബശ്രീ പ്രവർത്തകരുടേയും കൂട്ടായ പരിശ്രമത്തിലൂടെ ഗ്രാമ പഞ്ചായത്തിലെ എല്ലാ ഭവനങ്ങ സ്ഥാപനങ്ങളെയും മാലിന്യ ശേഖരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹരിതമിത്രം ആപ്പ് സംവ ഉപയോഗിച്ച് വരുന്നുണ്ട്. നിലവിൽ എല്ലാ മാസവും കൃത്യമായ ഇടവേളകളിൽ വീടുകളിൽ ( സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ MCF-ലേക്കും, തരം തിരിച്ച ശേഷം പാഴ്വ മാസത്തിൽ പല തവണകളായി ബന്ധപ്പെട്ട ഏജൻസിക്കും കൈമാറുന്നു.

3)മാലിന്യ സംഭരണ ശേഷി

| | |
|---|---|
| 1) ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ്<br>ജൈവം /അജൈവം | 1200 കി. ഗ്രാം അജൈവം |
| കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി MCFന് ആവശ്യത്തിന് വിസ്തൃതിയുണ്ടോ | ഉണ്ട് |
| 2)ആകെ വിസ്തൃതി<br>[കുറിപ്പ്:ടാപ്പിങ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിങ് ഏരിയ, മെഷിനറി എരിയ, കലക്ഷൻ ഏരിയ എന്നിങ്ങനെ പ്രത്യേകം വേർത്തിരിച്ചിട്ടില്ല] | 2000 ചതുരശ്ര അടി |
| അജൈവ മാലിന്യം എത്ര ദിവസത്തേക്ക് അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നു. | ഒരു മാസം |

4)മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

| | |
|---|---|
| മാലിന്യം ഇനം തിരിക്കുന്നത് | MLP Mix, BSK Mix (Hard And Rigid Plastic), BB Mix, RAFIA, Card Board, Glass Waste തുടങ്ങി 35ൽ അധികം ഇനങ്ങളായിട്ടാണ് മാലിന്യം തരം തിരിക്കുന്നത് |
| തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF/RRF -ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളും സുരക്ഷാ നടപടികളും പാലിക്കൽ | 1) Fire Extinguisher<br>2) Mask, Gloves |

5)ശുചിത്വമാനദണ്ഡങ്ങൾ

ഓരോ ദിവസും MCF പരിസരം വൃത്തിയാക്കുന്നുണ്ട്.

6)യഥാസമയം മാലിന്യം കൈമാറുന്നത് സംബന്ധിച്ച്

വാർഡുകളിൽ നിന്നും മാസം തോറും ഹരിതകർമ്മസേനാംഗങ്ങൾ അജൈവമാലിന്യം ശേഖരിക്കുന്ന വാഹനത്തിൽ MCFൽ എത്തിച്ചശേഷം സെഗ്രിഗേറ്റ് ചെയ്ത് മൂല്യമുള്ള സാധനങ്ങൾ വില്ക്കുകയും റി വേസ്റ്റ് ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുള്ള ശുദ്ധി സൊല്യൂഷൻസ് എന്ന സ്ഥാപന @₹6.7/Kg നിരക്കിൽ നൽകുകയും ചെയ്ത് വരുന്നു. ശുദ്ധി സൊല്യൂഷൻസ് മാസത്തിൽ ഒരിക്കൽ രീതിയിൽ മാലിന്യം കൊണ്ടുപോവുന്നുണ്ട്.

<u>മറ്റു വിവരങ്ങൾ</u>

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ കേരള ഗ്രാമീണ കരുളായി ശാഖയിൽ 40160101066216 -ാം നമ്പർ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. വീടുകളിൽ മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/-രൂപയും, കടകൾക്ക് 100/-രൂപയും ഫീസ് ഈടാക്കി c

വാർഷിക വരവ് ചെലവ് കണക്ക്

| വരവ് | | ചെലവ് | |
|---|---|---|---|
| മുൻ ബാക്കി | 102059.76 | ഹരിത കർമ്മസേന ശമ്പളം | 1773425 |
| ഗ്യാപ്പ് ഫണ്ട് | NIL | പർച്ചേയ്സ് | 219815 |
| യൂസർഫീ | 1215750 | മറ്റ് ചെലവ്(ഇനം തിരിച്ച്)<br>Mechine Repair<br>Taxi Rent<br>Stetionery And Other Expence<br>CEF Repayment<br>Audit Fee | 3039<br>2410<br>6219<br>35000<br>3500 |
| സ്ക്രാപ്പ് വിൽപ്പന | 268089 | | |
| ക്ലീൻ കേരള/മറ്റ് ഏജൻസി | 150552.56 | | |
| പ്ലാസ്റ്റിക് കവർ | 112630 | | |
| ചില്ല് | 12780 | | |
| മറ്റ് വരവ്(ഇനം തിരിച്ച്)ഗ്രീൻപ്രോട്ടോക്കോൾ വരവ്<br>പഞ്ചായത്ത് ബിൽ (ടൗൺ ക്ളീനിംഗ്) ബാങ്ക് പലിശ | 211200<br>45900<br>1848 | നീക്കി ബാക്കി | 77401.32 |
| ആകെ | 2120809.32 | ആകെ | 2120809.32 |

2023-24 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ കാണിച്ച തുക വകയ് ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് പേര്/ നം. | നിർവഹണ ഉദ്യോഗസ്ഥൻ | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | മൂല്യ രഹിതമായ അജൈവമാലിന്യം കൈമാറൽ(76) | VEO | Development Fund(General) | 1000000 | 709561 |
| 2 | മാലിന്യം ശേഖരിക്കുന്നതിന് ഹരിത കർമ്മ സേനയ്ക്ക് വാഹന വാടക നൽകൽ(136/24) | VEO | Development Fund(General) | 297085 | 279262 |
| 3 | ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂണിഫോം ഗ്ലൌസ് ഐഡി കാർഡ് വാങ്ങൽ(241) | VEO | Development Fund(General) | 15000 | 0 |
| 4 | മാലിന്യ സംസ്കരണ പ്ലാന്റ് നവീകരണം(184) | AE | Development Fund(CFC Tied Grant ) - | 1084000 | 0 |

ഓഡിറ്റ് നിർദ്ദേശങ്ങൾ :

1)ഗ്രാമ പഞ്ചായത്തിലെ മാലിന്യ ശേഖരണത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം ഉ മെച്ചപ്പെടുത്താനായി കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്താവുന്നതാണ്.

2) ഹരിത കർമ്മസേനയുടെ വരവു ചെലവു കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതും ആയത് പരിശേ കൃത്യത ഉറപ്പു വരുത്തേണ്ടതുമാണ്.

3)മിനി MCFകൾ സ്ഥാപിക്കാൻ പ്രത്യേക പരിഗണന നൽകേണ്ടതാണ്.

4)മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഹരിത കർമ്മസേ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതും പൊതുജനങ്ങൾക്കിടയിൽ മാലിന്യസംസ മത്സരബുദ്ധിയോടെ കൈകാര്യം ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കാൻ ആവശ്യമായതുമായ ബോധവ നടത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്.

5) മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള ബോധവൽക്കരണം പൊതുജന നൽകേണ്ടതാണ്.

6) പ്രോജക്റ്റ് നമ്പർ 244/24 -ഹരിതകർമസേനയ്ക്ക് വാഹനം വാങ്ങൽ തൻവർഷം നിർവ്വ നടത്തിയിട്ടില്ല. ആയത് നടപ്പിലാക്കുന്നതിനായി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 രസീത്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

12.03.2024ന് ഗ്രാമപഞ്ചായത്തിൽ നിന്നും ശ്രീമതി. മൈമൂന.കെ.ടി. , ഐ.സി.ഡി.എസ്. സൂപ്പർ എന്നവർ 1062 നമ്പർ രസീത്ബുക്ക് കൈപ്പറ്റിയിട്ടുണ്ട്. പ്രസ്തുത രസീത്ബുക്ക്, ആയതിന്റെ ക രജിസ്റ്റർ, ഗ്രാമപഞ്ചായത്തിൽ പണം അടവാക്കിയ രസീതി എന്നിവ പരിശോധനയ്ക്ക് ഹാജരാക്കി ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും (എൻക്വയ 16/29.11.2024) പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ പ്രസ്തുത രസീത്ബുക്ക് വഴി പിരിച്ചെടുത്ത തു

ഒടുക്കിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. രേഖകൾ പരിശോ ഹാജരാക്കേണ്ടതാണ്.

## 1-13 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാ

ഗ്രാമപഞ്ചായത്തിന്റെ 2023-24വാർഷിക കണക്കിലെ ഷെഡ്യൂൾ B-7, ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ചുവടെ ചേർത്ത ഡെപ്പോസിറ്റുകൾ അവശേഷിക്കുന്നുണ്ട്.

| ക്രമ നമ്പർ | ഇനം | തുക | കുറിപ്പ് |
|---|---|---|---|
| 1 | Contractor's Earnest Money Deposit | 8,500 | 2016-17 മുതലുള്ള ഡെപ്പോസിറ്റ് അവശേഷിക്കുന്നു. |
| 2 | Supplier's Earnest Money Deposit | 2,26,790 | 2016-17 മുതലുള്ള ഡെപ്പോസിറ്റ് അവശേഷിക്കുന്നു. |
| 3 | Bidder's Security Deposit | 500 | 2016-17 മുതലുള്ള ഡെപ്പോസിറ്റ് അവശേഷിക്കുന്നു. |
| 4 | Supplier's Security Deposit | 2,57,300 | 2015-16 മുതലുള്ള ഡെപ്പോസിറ്റ് അവശേഷിക്കുന്നു. |
| 5 | Other Deposits (Head Code 340200199) | 22,860 | 2012-13 മുതലുള്ള ഡെപ്പോസിറ്റ് അവശേഷിക്കുന്നു. |
| 6 | Contractor's Retension | 5,764 | 2018-19 മുതലുള്ള ഡെപ്പോസിറ്റ് അവശേഷിക്കുന്നു. |
| 7 | Other Deposits (Head Code 340109901) | 4,488 | രജിസ്റ്ററിൽ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല |
| 8 | Auction Deposit | 1,000 | 2019-20 മുതലുള്ള ഡെപ്പോസിറ്റ് അവശേഷിക്കുന്നു. |
| 9 | Election Deposit | 42,500 | 2020-21 മുതലുള്ള ഡെപ്പോസിറ്റ് അവശേഷിക്കുന്നു. |
| Total | | 5,69,702 | |

കേരള ഫിനാൻസ് കോഡ് ആർട്ടിക്കിൾ 56 (ബി) പ്രകാരം Liability Periodന് ശേഷം മൂന്ന് കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. മേൽപ്പറഞ്ഞ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ടെ വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറ 2/23.11.2024) തുടർനടപടി സ്വീകരിക്കുമെന്ന് മറുപടി ലഭ്യമാക്കി. കാലഹരണപ്പെട്ട ഡെപ്പോസ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

# 1-14 കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി - നിർവ്വഹണത്തിലെ അപാകതകൾ.

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പ്രൊജക്ടുകൾ പ്രകാരം ക്ഷീര കർഷ കാലിത്തീറ്റക്ക് സബ്സിഡി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങളും പദ്ധതി നിർവ്വഹണ അപാകതകളും ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ നമ്പർ / പേര് | 148 /24 ക്ഷീരകർഷകരുടെ കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം-പട്ടികജാതി വിഭാഗം |
| അടങ്കൽ | വികസനഫണ്ട്-SCP-232500/-<br>മറ്റുള്ളവ- 77500/-<br>ആകെ-31000 |
| ചെലവ് | വികസനഫണ്ട്-SCP- 60450/- |

തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ബിൽ റഫറൻസ് നമ്പർ / തീയതി | തുക |
|---|---|---|
| 1 | 23150752025301485792/ 24.3.2024 | 2325 |
| 2 | 23150752025301485773/ 24.3.2024 | 13950 |
| 3 | 23150752025301541691/ 25.3.2024 | 4650 |
| 4 | 23150752025301485906/ 24.3.2024 | 2325 |
| 5 | 23150752025301255363/ 22.2.2024 | 4650 |
| 6 | 23150752025301100067/ 22.1.2024 | 4650 |
| 7 | 23150752025301052244/ 10.1.2024 | 11625 |
| 8 | 23150752025301038859/ 8.1.2024 | 4650 |
| 9 | 23150752025300915335/ 11.12.2023 | 11625 |
| ആകെ | | 60450 |

2.

| | |
|---|---|
| പദ്ധതിയുടെ നമ്പർ / പേര് | 135/24 ക്ഷീരകർഷകരുടെ കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം-പൊതുവിഭാഗം |
| അടങ്കൽ | വികസനഫണ്ട്- പൊതുവിഭാഗം-1240000/-<br>മറ്റുള്ളവ- 1240000/-<br>ആകെ-2480000 |
| ചെലവ് | വികസനഫണ്ട്- പൊതുവിഭാഗം- 618450/- |

തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ബിൽ റഫറൻസ് നമ്പർ / തീയതി | തുക |
|---|---|---|
| 1 | 23150752025301485831/ 24.3.2024 | 13950 |
| 2 | 23150752025301485813/ 24.3.2024 | 102300 |
| 3 | 23150752025301485889/ 24.3.2024 | 13950 |
| 4 | 23150752025301541654/ 25.3.2024 | 13950 |
| 5 | 23150752025301255364/ 22.2.2024 | 37200 |

| | | |
|---|---|---|
| 6 | 231507520253011 80569/ 7.2.2024 | 3100 |
| 7 | 231507520253010 62982/ 12.1.2024 | 13950 |
| 8 | 231507520253011 80567/ 7.2.2024 | 13950 |
| 9 | 2315075202530011 80568/ 7.2.2024 | 88350 |
| 10 | 231507520253001100064/22.1.2024 | 31000 |
| 11 | 231507520253010 38854/8.1.2024 | 34100 |
| 12 | 231507520253010 52249/10.1.2024 | 88350 |
| 13 | 23150752025300980499/26.12.2023 | 17050 |
| 14 | 23150752025300915354/11.12.2023 | 3100 |
| 15 | 23150752025300915343/11.12.2023 | 13950 |
| 16 | 23150752025300915362/11.12.2023 | 31000 |
| 17 | 23150752025300915326/11.12.2023 | 96100 |
| 18 | 23150752025300716194/30.10.2023 | 3100 |
| ആകെ | | 618450 |

അപാകതകൾ.

1)സബ്സിഡി മാർഗ്ഗരേഖ 115/2022/LSGD/28.05.2022-ലെ 6.3.16 പ്രകാരം കറവപശുക്കം കാലിത്തീറ്റ ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യേണ്ടതാണ്. ആയതിനാൽ കാല നിർവഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ കാലിത്തീറ്റ ഉദ്പാദക സ്ഥാപനങ്ങളിൽ നിന്നും സ്റ്റോക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി, വിതരണത്തിന് വേണ്ടി ക്ഷീര സഹ സംഘങ്ങളെ ഏൽപ്പിക്കേണ്ടതും വിതരണം ചെയ്തു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. എന്നാൽ, ക്ഷീര സംഘങ്ങൾ കാലിത്തീറ്റ വാങ്ങി വിതരണം ചെയ്തു എന്ന രേഖകളുടെ അടിസ്ഥാനത്തിൽ, പദ്ധത് ക്ഷീര സംഘങ്ങൾക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല.

2)ഗുണഭോക്തൃ വിഹിതം ക്ഷീര കർഷക സംഘങ്ങൾ പിരിച്ചെടുക്കുകയാണ് ചെയ്തിട്ടുള്ളത്. പഞ്ച പദ്ധതികളുള്ള ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാൻ ക്ഷീര സഹകരണ സംഘങ്ങളെ ചുമതലപ്പെടുത ക്രമ പ്രകാരമല്ല. ഗുണഭോക്തൃ വിഹിതം നിർവ്വഹണ ഉദ്യോഗസ്ഥൻ പിരിച്ചെടുത്ത് പഞ്ചായത്ത് ഫ അടവാക്കേണ്ടതും, കാലിതീറ്റ വാങ്ങുന്നതിന് ആയതിൽ നിന്നും ചെലവഴിക്കേണ്ടതുമാണ്.

ഓഡിറ്റ് പരാമർശത്തിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (6/26.11.2024) കാലിത്തീറ്റ വാങ്ങി സ്റ്റോക്ക് ചെയ്യുന്നതിനുള്ള ഭൗതിക സ ലഭ്യമല്ലാത്തതിനാലും നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് വാങ്ങുമ്പോൾ ഡീലർ കമ്മീഷൻ ലഭിക്കു എന്നതിനാലുമാണ് ക്ഷീര സംഘങ്ങൾ മുഖേന വാങ്ങൽ നടത്തുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കി. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് പദ്ധതി നിർവ്വഹണം നടത്തു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 പഠനമുറി - പൂർത്തീകരിച്ചില്ല

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ട് പ്രകാരം പ നിർമ്മാണത്തിനായി തുക നൽകിയ 2 ഗുണഭോക്താക്കൾ, പ്രവൃത്തി നാളിതു വരെ പൂർത്തീകരി. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | ഗുണഭോക്താവ് | തുക | ബിൽ നമ്പർ / തുക |
|---|---|---|---|---|
| 1 | പ്രോജക്ട് : 233/24 പട്ടികവർഗ്ഗ | ബിജിൻ കെ പി | 90,000 | 23150752029001073917/ 16.01.2024 (30,000) |

| | | | | |
|---|---|---|---|---|
| | വിദ്യാർത്ഥികൾക്ക് പഠനമുറി<br>അടങ്കൽ : 400000/- (Plan TSP)<br>ചെലവ് : 140000 | | | 23150752029001230755/ 16.02.2024 (60,000) |
| 2 | | ശ്രീകൃഷ്ണൻ എൻ.കെ | 50,000 | 23150752029001045919/ 09.01.2024 ( 50,000) |

800 ചതുരശ്ര അടിയിൽ അധികരിക്കാത്ത നിലവിലെ വീടിനോട് ചേർന്ന് പരമാവധി 120ചതുരശ്ര വിസ്തീർമമുള്ള പഠനമുറി നിർമ്മിക്കുന്നതിന് , അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യു അടിസ്ഥാനത്തിൽ പരമാവധി 200000/-രൂപ അനുവദിക്കുന്നതിനാണ് മേൽ പദ്ധതി . ഗുണഭോക്താക്കളുടെ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണെന്നുകാണിച്ച് ന ഓഡിറ്റ് എൻക്വയറിക്ക് (03/26.11.2024) പഠനമുറി നിർമ്മാണം പൂർത്തീകരിച്ച വരുന്നതായി അ പ്രവൃത്തി പൂർത്തീകരിച്ച് മുഴുവൻ തുകയും കൈമാറി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 വീട് വാസയോഗ്യമാക്കൽ - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് : 115/24 വീട് വാസയോഗ്യമാക്കൽ -പട്ടികജാതി വിഭാഗം

അടങ്കൽ :900000/- ( വികസനഫണ്ട് എസ് സി പി)

ചെലവ് : 600000/-

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ മേൽ പറയുന്ന പ്രോജക്ട പ്രകാരം വാസയോഗ്യമാക്കുന്നതിന് , അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ 9 പരമാവധി 100000/- രൂപ നൽകുന്നതിനാണ് ലക്ഷ്യം വെച്ചിരുന്നത്. ആയതിൽ 2 പേർ മാ പ്രവൃത്തി പൂർത്തീകരിച്ച് മുഴവൻ തുകയും 2023-24 വർഷത്തിൽ കൈപ്പറ്റിയിട്ടുള്ളത്. പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഒഴികെയുള്ളവർക്ക് 24-25 വർഷത്തിൽ അനുവദിച്ചതായി കണ്ടു. മുൻകൂറായി തുക അനുവദിച്ച 3 ഗുണഭോക്താക്കൾ നാളിതുവരെ പ്ര പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | ബിൽ നമ്പർ/തിയ്യതി |
|---|---|---|---|
| 1 | വനജ നറുക്കിൽ | 50,000 | 23150752029600981017/ 26.12.2023 (50000) |
| 2 | കുറുമ്പ തെക്കുമ്പാടം | 50,000 ഓഡിറ്റ് എൻക്വയറി 4/23-24/26.11.2024 | 23150752029600816981/ 20.11.2023 (250000) |
| 3 | പ്രഭാകരൻ നറുക്കിൽ | 50000 | 23150752029600868859/ 01.12.2023 (100000) |

മേൽ ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തിയുടെ നിലവിലെ അ അറിയിക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/23-24/26.11.2024) കുറുമ്പ എന്നവർ 50000/-രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ച് വാല്യുവേഷൻ ലഭ്യമാക്കിയിട്ടുണ്ടെന്നും ഗഡുക്കൾ നൽകിയിട്ടില്ലെന്നും അറിയിച്ചു. ശ്രീമതി വനജ നറുക്കിൽ, ശ്രീ പ്രഭാകരൻ നറുക്കിൽ എ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെങ്കിലും പൂർത്തീകരിച്ചിട്ടില്ല. ടിയാളുകൾ ഭവന പുനരുദ്ധാരണം പൂർത്തീക മുറക്ക് തുടർ ഗഡു നൽകുന്നതാണെന്നും അറിയിച്ചു. ടിയാളുകൾ ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്ത് വാല്യുവേഷൻ പ്രകാരം തുക നൽകുകയോ അല്ലാത്ത പക്ഷം തുക തിരിച്ചടവാക്കാൻ സ്വീകരിക്കേണ്ടതുമാണ്.

## 1-17 അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരമുള്ള ചെലവുകളുടെ അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/23-24/27.11.2024) മറുപടി ലഭ്യമാക്കിയില്ല. വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തിയ്യതി | തുക | റിമാർക്സ് | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 22300216/22.06.2023 | 84722 | ഗ്രാമലക്ഷ്മി മുദ്രാലയത്തിനു നൽകുന്നത് | ഗ്രാമ ലക്ഷ്മി മുദ്രാലയത്തിന്റെ ഇൻവോയ്സ്, സാധനങ്ങൾ സ്റ്റോക്കിലെടുത്ത വിവരം |
| 2 | 22300307/29.07.2023 | 197223 | 2022-23 ലെ ലൈബ്രറി സെസ് തുക കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് നൽകുന്നത് | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കൈപ്പറ്റ് രശീതി |
| 3 | 22300885/19.01.2024 | 15394 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിവെക്കുന്നതിനായി കരുളായി ഇലക്ട്രിക്കൽ സെക്ഷനു നൽകിയ തുക | കെ എസ് ഇ ബി യുടെ വിനിയോഗ സാക്ഷ്യപത്രം |
| | | 297339 | | |

ചെലവു വൗച്ചറുകൾലഭ്യമാക്കുന്നതു വരെ ചെലവു തുക 297339/-രൂപ തടസ്സം ചെയ്യുന്നു.

## 1-18 തദ്ദേശ സ്ഥാപനത്തിലെ വാഹന പരിപാലനം - അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം സംബ സ.ഉ(എം.എസ്)നം.170/07/ത.സ്വ.ഭ.വ തി.30.6.2007 പ്രകാരം പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട

**1.വീൽസ് സോഫ്റ്റ് വെയർ**

ധനകാര്യ (ഐ.ടി, സോഫ്റ്റ്വെയർ) വകുപ്പിന്റെ 22-10-2020-ലെ 59/2020നമ്പർ സർക്കുലർ പ്ര സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് എയിഡ് സ്ഥാപനഹങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിട ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്ത (വാടക,കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ പ സംബന്ധിച്ച വിവരങ്ങൾ "VEELS"-എന്ന സൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ട 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാ

ഗ്രാമ പഞ്ചായത്തിലെയും (KL 71 D 1278) അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങ ഡ്രൈവർമാരുടെയും വിവരങ്ങൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെയും ഓരോ മാസവും ഉണ്ടാ ചെലവുകളും VEELS ൽ രേഖപ്പെടുത്തിയതിന്റെയും വിവരങ്ങൾ (റിപ്പോർട്ട്) പരിശോ ഹാജരാക്കേണ്ടതാണ്.

**2. വാഹനത്തിന്റെ റിപ്പയർ**

ഗ്രാമ പഞ്ചായത്തിലെ KL 71 D 1278 ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപ്പണിക്കായി താഴെ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തിയ്യതി | തുക |
|---|---|---|
| 1 | 22300230/27.06.2023 | 9980 |
| 2 | 22300271/05.07.2023 | 9950 |
| 3 | 22300272/05.07.2023 | 6920 |
| 4 | 22300804/27.12.2023 | 9730 |
| 5 | 22301101/21.03.2024 | 11515 |
| | ആകെ | 48,095 |

